# Std. 4 - Chapter 6 - Revision - Main points

## പാഠം 6 – വിശുദ്ധ കുർബാന ജീവൻ നൽകുന്ന ബലി

| | ചോദ്യം | ഉത്തരം |
|---|---|---|
| 1 | അബ്രാഹാമിന് ദൈവം നൽകിയ ഏകജാതനായ മകൻ ആരായിരുന്നു? | **ഇസഹാക്ക്** |
| 2 | ദൈവം അബ്രാഹത്തോടു ബലിയർപ്പിക്കാൻ ആവശ്യപ്പെട്ടത് ആരെയാണ്? | **തന്റെ ഏകമകനായ ഇസഹാക്കിനെ.** |
| 3 | ഇസഹാക്കിനെ എവിടെവച്ചു ബലിയർപ്പിക്കാനാണ് ദൈവം അബ്രാഹത്തോടു കല്പിച്ചത്? | **മോറിയാമലയിൽവച്ച്.** |
| 4 | ദൈവത്തിന്റെ കൽപ്പന അനുസരിച്ച് അബ്രാഹം എന്തു ചെയ്യാൻ ഒരുങ്ങി? | **തന്റെ മകനായ ഇസഹാക്കിനെ ബലിയർപ്പിക്കാൻ അബ്രാഹം ഒരുങ്ങി.** |
| 5 | ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിൽനിന്ന് അബ്രാഹാമിനെ ദൈവം എങ്ങനെ തടഞ്ഞു? | **അബ്രാഹാം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഒരുങ്ങിയപ്പോൾ ദൈവം അവനെ തടഞ്ഞു. സമീപത്തെ മുൾച്ചെടികളിൽ കൊമ്പുടക്കി കിടന്നിരുന്ന ഒരു മുട്ടാടിനെ അബ്രാഹാം പകരം ബലിയർപ്പിച്ചു.** |
| 6 | അബ്രാഹാം മുട്ടാടിനെ ബലിയർപ്പിച്ചതിന്റെ ഫലം എന്തായിരുന്നു? | **അബ്രാഹാമിന്റെ ബലി ദൈവം സ്വീകരിക്കുകയും അവനെ സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്തു.** |
| 7 | എല്ലാ ജീവികളുടെയും ജീവൻ എന്തിലാണെന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്? | **രക്തത്തിൽ (ലേവ്യർ 17:11.)** |
| 8 | രക്തം ദൈവത്തിന് സമർപ്പിക്കുന്നത് എന്തിന് തുല്യമായി യഹൂദർ കരുതിയിരുന്നു? | **രക്തം ജീവന്റെ പ്രതീകമായതിനാൽ രക്തം ദൈവത്തിന് സമർപ്പിക്കുന്നത് ജീവൻ ദൈവത്തിന് സമർപ്പിക്കുന്നതിന് തുല്യമായി യഹൂദർ കരുതിയിരുന്നു.** |
| 9 | **1. പഴയനിയമത്തിലെ ബലിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാം?** | **ദൈവത്തെ ആരാധിക്കുക, ദൈവത്തിന് നന്ദി പറയുക, പാപങ്ങൾക്ക് മാപ്പ് അപേക്ഷിക്കുക, ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക എന്നിവയായിരുന്നു പഴയനിയമത്തിലെ ബലിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ.** |
| 10 | പഴയനിയമത്തിലെ ബലികൾക്ക് എന്തുകൊണ്ട് പൂർണ്ണമായ ഫലം നൽകാൻ കഴിഞ്ഞില്ല? | **കാളകളുടെയും ആടുകളുടെയും രക്തത്തിന് മനുഷ്യരുടെ പാപങ്ങൾ പൂർണ്ണമായി നീക്കിക്കളയാൻ കഴിയാത്തതിനാലാണ് പഴയനിയമത്തിലെ ബലികൾക്ക് പൂർണ്ണമായ ഫലം നൽകാൻ കഴിയാതിരുന്നത്. (ഹെബ്രായർ 10:4)** |
| 11 | മനുഷ്യവർഗത്തിന്റെ പാപങ്ങൾ പൂർണ്ണമായി നീക്കാനും ജീവൻ നൽകാനും ആരാണ് സ്വയം ബലിയായത്? | **ഈശോ മിശിഹാ.** |
| 12 | ഈശോ എങ്ങനെയാണ് നമുക്കുവേണ്ടി ബലിയായത്? | **ഈശോ നമുക്കുവേണ്ടി കഠിനമായ പീഡനങ്ങൾ ഏറ്റുവാങ്ങി, ദുസ്സഹമായ വേദന സഹിച്ചു, ക്രൂരമായി പരിഹസിക്കപ്പെട്ടു, കുരിശിൽ തറയ്ക്കപ്പെട്ടു, രക്തം ചിന്തി ജീവൻ ബലിയർപ്പിച്ചു.** |

| | | |
|---|---|---|
| 5 | ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിൽനിന്ന് അബ്രാഹാമിനെ ദൈവം എങ്ങനെ തടഞ്ഞു? | അബ്രാഹാം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഒരുങ്ങിയപ്പോൾ ദൈവം അവനെ തടഞ്ഞു. സമീപത്തെ മുൾച്ചെടികളിൽ കൊമ്പുടക്കി കിടന്നിരുന്ന ഒരു മുട്ടാടിനെ അബ്രാഹാം പകരം ബലിയർപ്പിച്ചു. |
| 13 | പിതാവായ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകാശനമേത്? | ഈശോയുടെ കാൽവരിയിലെ ബലി. |
| 14 | ദൈവം ലോകത്തെ എത്രമാത്രം സ്നേഹിച്ചു ? | ഉത്തരം: തന്റെ ഏകജാതനായ പുത്രനെ നൽകത്തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. |
| 15 | "തന്റെ ഏകജാതനെ നൽകത്തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു " എന്ന് പറഞ്ഞത് ആര്? | വിശുദ്ധ യോഹന്നാൻ ശ്ലീഹാ |
| 16 | ഈശോ സ്വയം ബലിയായിത്തീർന്നത് എന്തിനുവേണ്ടിയാണ്? | മനുഷ്യകുലത്തെ രക്ഷിക്കാനും പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനുമാണ് ഈശോ സ്വയം ബലിയായിത്തീർന്നത്. |
| 17 | കുരിശിലെ ബലിയിലൂടെ ഈശോ എന്താണ് പിതാവിനോട് പ്രകടമാക്കിയത്? | പിതാവായ ദൈവത്തോടുള്ള പൂർണ്ണവിധേയത്വം ഈശോ കുരിശിലെ ബലിയിലൂടെ പ്രകടമാക്കി. |
| 18 | ഈശോയുടെ അനുസരണത്തെക്കുറിച്ച് വിശുദ്ധ പൗലോസ് എന്താണ് പറയുന്നത്? | മരണംവരെ – അതേ കുരിശുമരണം വരെ – അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി. 2:8) |
| 19 | കുരിശിലെ ബലി വഴി ഈശോ നമുക്ക് നേടിത്തന്നത് എന്തെല്ലാം? | മനുഷ്യവർഗ്ഗത്തെ പിതാവായ ദൈവവുമായി രമ്യപ്പെടുത്തി, പാപത്തിൽനിന്നു മോചിപ്പിച്ചു, ദൈവീകജീവൻ പ്രധാനം ചെയ്തു. |
| 20 | പാപമോചനവും ദൈവീകജീവനും നൽകുന്ന ഈ ബലിയിൽ എല്ലാക്കാലത്തും എല്ലാവരും പങ്കുചേരണമെന്ന ആഗ്രഹത്താൽ ഈശോ സ്ഥാപിച്ചത് എന്ത്? | വിശുദ്ധ കുർബാന. |
| 21 | ഈശോ സ്ഥാപിച്ച വിശുദ്ധ കുർബാന എന്താണ്? | കുരിശിലെ ഈശോയുടെ ബലി വീണ്ടും നമുക്ക് സന്നിഹിതമാക്കുന്ന അർപ്പണമാണ് വിശുദ്ധ കുർബാന. |
| 22 | എന്നാണ് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്? | കുരിശിലെ ബലിയുടെ തലേരാത്രി പെസഹാത്തിരുനാൾ ദിവസം അത്താഴത്തിനുശേഷം. |
| 23 | അപ്പം എടുത്ത് ഈശോ എന്തു ചെയ്തു? | ഈശോ അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് നൽകി. |
| 24 | അപ്പം നൽകിയപ്പോൾ ഈശോ എന്താണ് പറഞ്ഞത്? | "ഇത് എന്റെ ശരീരമാകുന്നു. നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ " എന്ന് ഈശോ അരുളിച്ചെയ്തു. |
| 25 | പാനപാത്രം എടുത്ത് ഈശോ എന്താണ് പറഞ്ഞത്? | പാനപാത്രം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് ശിഷ്യന്മാർക്ക് നൽകി ഈശോ പറഞ്ഞു: "നിങ്ങളെല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന ഉടമ്പടിയുടെ എന്റെ രക്തമാണ്." |
| 26 | **2. ഈശോ എന്തിനുവേണ്ടിയാണ് തന്നെത്തന്നെ ബലിയർപ്പിച്ചത്?** | മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ പൂർണ്ണമായും നീക്കിക്കളയുവാനും മനുഷ്യർക്ക് ദൈവീകജീവൻ നൽകുവാനുമായാണ് ഈശോ തന്നെത്തന്നെ ബലിയർപ്പിച്ചത്. |

| | | |
|---|---|---|
| 5 | ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിൽനിന്ന് അബ്രാഹാമിനെ ദൈവം എങ്ങനെ തടഞ്ഞു? | അബ്രാഹാം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഒരുങ്ങിയപ്പോൾ ദൈവം അവനെ തടഞ്ഞു. സമീപത്തെ മുൾച്ചെടികളിൽ കൊമ്പുടക്കി കിടന്നിരുന്ന ഒരു മുട്ടാടിനെ അബ്രാഹാം പകരം ബലിയർപ്പിച്ചു. |
| 27 | ഈശോ ശിഷ്യന്മാരോട് തന്റെ ഓർമ്മയ്ക്കായി എന്തു ചെയ്യാൻ കൽപ്പിച്ചു? | "നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ" എന്ന് ഈശോ കൽപ്പിച്ചു. |
| 28 | വിശുദ്ധ കുർബാന അർപ്പിക്കുന്നത് ആരുടെ കൽപ്പന അനുസരിച്ചാണ്? | ഈശോയുടെ കൽപ്പന അനുസരിച്ചാണ് നാം വിശുദ്ധ കുർബാന അർപ്പിക്കുന്നത്. |
| 29 | ഈശോയുടെ കൽപ്പന അനുസരിച്ച് നാം എന്തിനാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നത്? | ഈശോയുടെ കൽപ്പന അനുസരിച്ച് അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയ്ക്കായി വിശുദ്ധ കുർബാന അർപ്പിക്കുന്നു. |
| 30 | വിശുദ്ധ കുർബാനയിൽ നാം എന്താണ് അനുസ്മരിക്കുന്നത്? | ഈശോയുടെ കുരിശിലെ ബലിയും അവിടുത്തെ പീഡാനുഭവവും മരണവും സംസ്കാരവും ഉത്ഥാനവും നാം വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുന്നു. |
| 31 | വിശുദ്ധ കുർബാനയിൽ എന്തിന്റെ ഓർമ്മയാണ് നാം ആചരിക്കുന്നത്? | ഈശോ മിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം, ഉത്ഥാനം എന്നിവയുടെ ഓർമ്മയാണ് വിശുദ്ധ കുർബാനയിൽ നാം ആചരിക്കുന്നത്. |
| 32 | ഓരോ ബലിയർപ്പണവും എന്താണ്? | ഓരോ ബലിയർപ്പണവും സമർപ്പണമാണ്. |
| 33 | വിശുദ്ധ കുർബാന എന്തുകൊണ്ടാണ് ഏറ്റവും വലിയ ആരാധനയായിരിക്കുന്നത്? | ഈശോയുടെ ബലി വീണ്ടും നമുക്ക് സന്നിഹിതമാക്കുന്ന അർപ്പണമായതിനാലാണ് വിശുദ്ധ കുർബാന ഏറ്റവും വലിയ ആരാധനയായിരിക്കുന്നത്. |
| 34 | "കുർബാന" എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്താണ്? | "കുർബാന" എന്ന സുറിയാനി വാക്കിന്റെ അർത്ഥം "സമർപ്പണം" എന്നാണ്. |
| 35 | ഈശോയുടെ ബലി എങ്ങനെയാണ് വിശുദ്ധ കുർബാനയിൽ നമുക്ക് സന്നിഹിതമാകുന്നത്? | സഭ വൈദികന്റെ കരങ്ങളിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ഈശോയുടെ ബലി ദൈവപിതാവിന് അർപ്പിക്കുമ്പോൾ ഈശോയുടെ ബലി നമുക്ക് സന്നിഹിതമാകുന്നു. |
| 36 | വിശുദ്ധ കുർബാനയിൽ വൈദികൻ എന്താണ് അർപ്പിക്കുന്നത്? | അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ, കുരിശിൽ നമുക്കുവേണ്ടി സ്വയം ബലിയർപ്പിച്ച ഈശോ മിശിഹായെ വൈദികന്റെ കരങ്ങളിലൂടെ ദൈവപിതാവിന് അർപ്പിക്കുന്നു. |
| 37 | **3. ബലിയർപ്പണത്തിന്റെ ഫലങ്ങൾ ഏവ?** | പാപമോചനം ലഭിക്കുന്നു, ദൈവികജീവനിൽ വളരുന്നു, ദൈവവുമായുള്ള ഐക്യം ശക്തിപ്പെടുന്നു, .സഭയുടെ കൂട്ടായ്മയിൽ വളരുന്നു. |
| 38 | വിശുദ്ധ കുർബാന സ്വീകരിക്കുന്നതിലൂടെ നമുക്ക് എന്തു ലഭിക്കുന്നു? | വിശുദ്ധ കുർബാനയിലൂടെ പാപമോചനത്തിന്റെ കൃപ ലഭിക്കുകയും ദൈവികജീവനിൽ വളരുകയും ദൈവവുമായുള്ള ഐക്യം ശക്തിപ്പെടുകയും സഭയുടെ കൂട്ടായ്മയിൽ വളരുകയും ചെയ്യുന്നു. |
| 39 | **4. ബലിയർപ്പണ ജീവിതത്തിന്റെ കാതൽ എന്ത്?** | ദൈവത്തിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുന്നതാണ് ബലിയർപ്പണ ജീവിതത്തിന്റെ കാതൽ. |

| | | |
|---|---|---|
| 5 | ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിൽനിന്ന് അബ്രാഹാമിനെ ദൈവം എങ്ങനെ തടഞ്ഞു? | അബ്രാഹാം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഒരുങ്ങിയപ്പോൾ ദൈവം അവനെ തടഞ്ഞു. സമീപത്തെ മുൾച്ചെടികളിൽ കൊമ്പുടക്കി കിടന്നിരുന്ന ഒരു മുട്ടാടിനെ അബ്രാഹാം പകരം ബലിയർപ്പിച്ചു. |
| 40 | വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ നാം എന്താണ് സമർപ്പിക്കേണ്ടത്? | ഈശോയോടൊപ്പം നമ്മുടെ ജീവിതവും പ്രയാസങ്ങളും സഹനങ്ങളും സന്തോഷങ്ങളും ദുഃഖങ്ങളും ത്യാഗങ്ങളും ദൈവത്തിന് സമർപ്പിക്കണം. |
| 41 | ഈശോയെപ്പോലെ നമുക്ക് എങ്ങനെ ബലിയർപ്പണ ജീവിതം നയിക്കാം? | ഈശോയെപ്പോലെ ദൈവത്തിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുകയും മറ്റുള്ളവർക്കുവേണ്ടി നമ്മുടെ ജീവിതവും ത്യാഗങ്ങളും സമർപ്പിക്കുകയും ചെയ്തുകൊണ്ട് ബലിയർപ്പണ ജീവിതം നയിക്കാം. |
| 42 | **5. കുർബാനയെന്ന ബലി എന്ത്?** | നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ച ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയ്ക്കായി അവിടുത്തോടുചേർന്ന് സഭ വൈദികന്റെ കരങ്ങളിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ദൈവപിതാവിന് അർപ്പിക്കുന്ന ബലിയാണ് വിശുദ്ധ കുർബാന. |
| | പ്രധാന ബൈബിൾ വാക്യങ്ങൾ | |
| | തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹന്നാൻ 3:16) | |
| | മരണം വരെ  അതെ കുരിശുമരണം വരെ  അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. (ഫിലിപ്പി 2:8) | |

*Note: Suggestions, if any, may please be sent to annmariapublishers@gmail.com*